**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5076** **28/10/2016** ൽ മറുപടിക്ക്

**നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.എസ്.ശിവകുമാർ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.സണ്ണി ജോസഫ്** | **ശ്രീ. കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ലൈസൻസ് ഫീസ് എത്രയായാണ് നിശ്ചയിച്ചിട്ടുള്ളത്; | എ) ഉണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 437 പ്രകാരവും 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരവും വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി നിർബന്ധമാക്കിയിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ ഏകീകൃത ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടില്ല. ഗ്രാമ പ്രദേശങ്ങളിൽ ലൈസൻസ് ഫീസ് 10/- രൂപയാണ്. |
| ബി) | ലൈസൻസ് ഉള്ള നായ്ക്കളെ തെരുവിൽ ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ ഉടമയിൽനിന്ന് ഉയർന്ന നിരക്കിലുള്ള ഫൈൻ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും യാതൊരാളും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിശ്ചിത തീയതി മുതൽ നായകളെ വളർത്തുവാനോ, സൂക്ഷിക്കുവാനോ പാടില്ലെന്ന് ഒരു ഗ്രാമ പഞ്ചായത്തിന് പ്രമേയംമൂലം നിശ്ചയിക്കാവുന്ന താണെന്ന് വ്യവസ്ഥ ചെയ്യുന്നു. 1998 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 5 പ്രകാരം ലൈസൻസ് ഇല്ലാതെയോ ലൈസൻസ് ഉണ്ടെങ്കിൽ അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ അലഞ്ഞ് തിരിയാൻ അനുവദിച്ചുകൊണ്ട് നായയെ വളർത്തുന്ന ഏതൊരാൾക്കും കുറ്റസ്ഥാപനത്തിന്മേൽ 250/-രൂപ വരെ പിഴ ചുമത്താം. കുറ്റകൃത്യം തുടരുന്ന സംഗതിയിൽ ഓരോ ദിവസത്തേക്കും 50/- രൂപ വരെ പിഴ ചുമത്താവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ